**മധുരമായ കുട്ടികളേ- മോശമായത് കേൾക്കരുത്........ ഇവിടെ നിങ്ങൾ സത്സംഗത്തിലാണ് ഇരിക്കുന്നത്, നിങ്ങൾ മായാവീ കുസംഗങ്ങളിലേയ്ക്ക് പോകരുത്, കുസംഗത്തിൽ വരുമ്പോഴാണ് സംശയത്തിന്റെ രൂപത്തിൽ കോട്ടുവായ് വരുന്നത്.**

**ചോദ്യം-** ഈ സമയത്ത് ഒരു മനുഷ്യനേയും ആത്മീയതയുള്ളവരെന്ന് എന്ന് പറയാൻ സാധിക്കില്ല- എന്തുകൊണ്ട്?
**ഉത്തരം-** എന്തുകൊണ്ടെന്നാൽ എല്ലാവരും ദേഹാഭിമാനികളാണ്. ദേഹാഭിമാനമുള്ളവരെ ആത്മീയതയുള്ളവരെന്ന് എങ്ങനെ പറയാൻ കഴിയും. ആത്മീയ പിതാവ് ഒരേയൊരു നിരാകാരനായ അച്ഛനാണ്, ആ അച്ഛനാണ് നിങ്ങൾക്ക് ആത്മാഭിമാനിയാകുന്നതിനുള്ള പഠിപ്പ് നൽകുന്നത്. സുപ്രീം എന്ന ടൈറ്റിലും ഒരേയൊരു അച്ഛന് മാത്രമേ നൽകാൻ സാധിക്കൂ, ബാബയെ അല്ലാതെ മറ്റാരെയും സുപ്രീം എന്നു വിളിക്കാൻ സാധിക്കില്ല.

**ഓംശാന്തി.** കുട്ടികൾ ഇവിടെ ഇരിക്കുമ്പോൾ അറിയുന്നുണ്ട് ബാബ നമ്മുടെ അച്ഛനുമാണ് ടീച്ചറുമാണ് സദ്ഗുരുവുമാണ്. മൂന്നുപേരുടേയും ആവശ്യമുണ്ട്. ആദ്യം അച്ഛൻ പിന്നെ പഠിപ്പിക്കുന്ന ടീച്ചർ അതിനുശേഷം അവസാനം ഗുരു. ഇവിടെ ഓർമ്മിക്കേണ്ടതും ഇങ്ങനെയാണ് എന്തുകൊണ്ടെന്നാൽ പുതിയ കാര്യമല്ലേ. പരിധിയില്ലാത്ത അച്ഛനും കൂടിയാണ്, പരിധിയില്ലാത്തത് അർത്ഥം എല്ലാവരുടേയും. ഇവിടെ ആര് വന്നാലും ഈ കാര്യങ്ങൾ സ്മൃതിയിലേയ്ക്ക് കൊണ്ടുവരാൻ പറയും. ഇതിൽ ആർക്കെങ്കിലും സംശയം ഉണ്ടെങ്കിൽ കൈ ഉയർത്തൂ. ഇത് അത്ഭുതകരമായ കാര്യമല്ലേ. അച്ഛനും ടീച്ചറും സദ്ഗുരുവുമാണ് എന്ന് കരുതാൻ പറ്റിയ ഒരാളെയെങ്കിലും നിങ്ങൾ ജന്മ ജന്മാന്തരങ്ങളായി ഇതിനുമുമ്പ് കണ്ടിട്ടുണ്ടോ. മാത്രമല്ല സുപ്രീം കൂടിയാണ്. പരിധിയില്ലാത്ത പിതാവ്, പരിധിയില്ലാത്ത ടീച്ചർ, പരിധിയില്ലാത്ത സദ്ഗുരുവാണ്. ഇങ്ങനെ ആരെയെങ്കിലും എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടോ? ഈ പുരുഷോത്തമ സംഗമയുഗത്തിലല്ലാതെ മറ്റെവിടെയും കാണാൻ സാധിക്കില്ല. ഇതിൽ ആർക്കെങ്കിലും സംശയം ഉണ്ടെങ്കിൽ കൈ ഉയർത്തൂ. ഇവിടെ എല്ലാവരും നിശ്ചയബുദ്ധിയായാണ് ഇരിക്കുന്നത്. മുഖ്യമായത് ഇവ മൂന്നാണ്. പരിധിയില്ലാത്ത ബാബ നൽകുന്ന ജ്ഞാനവും പരിധിയില്ലാത്തതാണ്. പരിധിയില്ലാത്ത ജ്ഞാനം ഇതൊന്നുമാത്രമാണ്. പരിധിയുള്ള ജ്ഞാനം നിങ്ങൾ ഒരുപാട് പഠിച്ചിട്ടാണ് വന്നത്. ചിലർ വക്കീലാകുന്നു, ചിലർ സർജനാകുന്നു എന്തുകൊണ്ടെന്നാൽ ഇവിടെ ഡോക്ടർ, ജഡ്ജ്, വക്കീൽ മുതലായ എല്ലാവരും വേണമല്ലോ. അവിടെ ആവശ്യമില്ല. അവിടെ ദുഃഖിപ്പിക്കുന്ന ഒരു കാര്യവുമില്ല. അതിനാൽ ഇപ്പോൾ ബാബ ഇരുന്ന് കുട്ടികൾക്ക് പരിധിയില്ലാത്ത പഠിപ്പ് നൽകുകയാണ്. പരിധിയില്ലാത്ത ബാബ തന്നെയാണ് നിങ്ങൾക്ക് പരിധിയില്ലാത്ത പഠിപ്പ് നൽകുന്നത് പിന്നീട് അരകല്പത്തിലേയ്ക്ക് നിങ്ങൾക്ക് ഒരു പഠിപ്പിന്റേയും ആവശ്യമുണ്ടാകില്ല. ഒരു തവണ ലഭിക്കുന്ന പഠിപ്പിലൂടെ 21 ജന്മത്തേക്ക് ഫലീഭൂതമാകുന്നു അർത്ഥം അതിന്റെ ഫലം ലഭിക്കുന്നു. അവിടെ ഡോക്ടർ, വക്കീൽ, ജഡ്ജ് മുതലായ ആരുമുണ്ടാകില്ല. ഈ നിശ്ചയമില്ലേ. ഇങ്ങനെതന്നെയല്ലേ? അവിടെ ദു:ഖം ഉണ്ടാകുകയില്ല. കർമ്മഭോഗം ഉണ്ടാവുകയില്ല. ബാബ കർമ്മത്തിന്റെ ഗതി മനസ്സിലാക്കിത്തരികയാണ്. ആ ഗീത കേൾപ്പിക്കുന്നവർ അങ്ങിനെ കേൾപ്പിക്കാറുണ്ടോ? ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിക്കുകയാണ്. മറ്റു ഗീതയിൽ എഴുതിയിരിക്കുന്നത് കൃഷ്ണ ഭഗവാനുവാചാ എന്നാണ്. പക്ഷേ കൃഷ്ണൻ ദൈവീക ഗുണങ്ങളുള്ള മനുഷ്യനാണ്. ശിവബാബ ഒരു പേരും സ്വീകരിക്കുന്നില്ല. ബാബയ്ക്ക് രണ്ടാമത് ഒരു പേരുമില്ല. ബാബ പറയുന്നു ഞാൻ ഈ ശരീരം ലോൺ എടുക്കുകയാണ്. ഈ ശരീരമാകുന്ന വീട് എന്റേതല്ല, ഇതും ഇദ്ദേഹത്തിന്റേതാണ്. ജനലുകൾ തുടങ്ങി എല്ലാമുണ്ട്. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ് അർത്ഥം സർവ്വാത്മാക്കളുടേയും പിതാവാണ്, പഠിപ്പിക്കുന്നതും ആത്മാക്കളെയാണ്. ഇവരെ സ്പിരിചൽ ഫാദർ അഥവാ ആത്മീയ പിതാവ് എന്നാണ് വിളിക്കുന്നത് മറ്റാരെയും ആത്മീയ പിതാവ് എന്ന് വിളിക്കാൻ സാധിക്കില്ല. ഇവിടെ നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് പരിധിയില്ലാത്ത അച്ഛനാണ്. ഇപ്പോൾ ആത്മീയ സമ്മേളനം നടത്താറുണ്ട്.  വാസ്തവത്തിൽ അത് ആത്മീയ സമ്മേളനമേയല്ല. അത് സത്യമായ ആത്മീയതയല്ല. ദേഹാഭിമാനികളാണ്. ബാബ പറയുന്നു- കുട്ടികളേ, ദേഹീ അഭിമാനിയായി ഭവിയ്ക്കൂ. ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. ഇങ്ങനെ ആരോടെങ്കിലും പറയുകയില്ല. ആത്മീയത എന്ന വാക്ക് എല്ലാവരും ഇടുന്നുണ്ട്. മുമ്പ് കേവലം ധാർമ്മിക സമ്മേളനം എന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. ആത്മീയത എന്നതിന്റെ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. ആത്മീയ പിതാവ് അർത്ഥം നിരാകാരനായ അച്ഛൻ. നിങ്ങൾ ആത്മാക്കൾ ആത്മീയ സന്താനങ്ങളാണ്. ആത്മീയ പിതാവ് വന്ന് നിങ്ങളെ പഠിപ്പിക്കുകയാണ്. ഈ അറിവ് മറ്റാരിലെങ്കിലും ഉണ്ടാവുക അസാധ്യമാണ്. ബാബ സ്വയം പറഞ്ഞുതരുന്നു

ഞാൻ ആരാണെന്ന്. ഗീതയിൽ ഇതില്ല. ഞാൻ നിങ്ങൾക്ക് പരിധിയില്ലാത്ത പഠിപ്പ് നൽകുന്നു. ഇതിൽ വക്കീൽ, ജഡ്ജ്, സർജൻ മുതലായവരുടെ ആവശ്യമില്ല എന്തുകൊണ്ടെന്നാൽ അവിടെ പൂർണ്ണമായും സുഖം തന്നെ സുഖമായിരിക്കും. ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. ഇവിടെ പിന്നെ സുഖത്തിന്റെ പേരോ അടയാളമോ ഇല്ല, ഇതിനെയാണ് പ്രായലോപം സംഭവിച്ചു എന്നു പറയുന്നത്. സുഖം കാകഗവിഷ്ടത്തിന് സമാനമേയുള്ളൂ. അല്പം സുഖം ഉണ്ടെങ്കിൽ പരിധിയില്ലാത്ത സുഖത്തിന്റെ ജ്ഞാനം എങ്ങനെ നൽകാൻ സാധിക്കും. ആദ്യം എപ്പോഴാണോ ദേവീ ദേവതകളുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ സത്യത 100 ശതമാനം ഉണ്ടായിരുന്നു. ഇപ്പോൾ അസത്യം തന്നെ അസത്യമാണ്.

ഇത് പരിധിയില്ലാത്ത ജ്ഞാനമാണ്. നിങ്ങൾക്ക് അറിയാം ഇത് മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷമാണ്, അതിന്റെ ബീജരൂപം ഞാനാണ്. എന്നിൽ മുഴുവൻ വൃക്ഷത്തിന്റേയും ജ്ഞാനമുണ്ട്. മനുഷ്യരിൽ ഈ ജ്ഞാനമില്ല. ഞാൻ ചൈതന്യത്തിലുള്ള ബീജരൂപമാണ്. എന്നെ ജ്ഞാനസാഗരൻ എന്നാണ് വിളിക്കുന്നത്. ജ്ഞാനത്തിലൂടെ സെക്കന്റിൽ ഗതിയും സദ്ഗതിയും ഉണ്ടാകും. ഞാൻ തന്നെയാണ് എല്ലാവരുടേയും പിതാവ്. എന്നെ തിരിച്ചറിയുന്നതിലൂടെ നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് ലഭിക്കുന്നു. പക്ഷേ രാജധാനിയല്ലേ. സ്വർഗ്ഗത്തിലും നമ്പർവൈസായി അനേകം പദവികളുണ്ട്. ബാബ ഒരേ പഠിപ്പാണ് പഠിപ്പിക്കുന്നത്. പഠിക്കുന്നവർ നമ്പർവൈസ് ആയിരിക്കും. ഇതിൽ പിന്നെ മറ്റൊരു പഠിപ്പിന്റേയും ആവശ്യമില്ല. അവിടെ ആരും രോഗിയാവില്ല. കാലണയുടെ സമ്പാദ്യത്തിനായി പഠിപ്പ് പഠിക്കില്ല. നിങ്ങൾ ഇവിടെ നിന്ന് പരിധിയില്ലാത്ത സമ്പത്താണ് കൊണ്ടുപോകുന്നത്. ഈ പദവി ഞങ്ങൾക്ക് ആരെങ്കിലും നൽകിയതാണ് എന്ന ഓർമ്മപോലും അവിടെ ഉണ്ടാകില്ല. ഇത് നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. പരിധിയുള്ള ജ്ഞാനം നിങ്ങൾ പഠിച്ചുവന്നതാണ്. ഇപ്പോൾ പരിധിയില്ലാത്ത പഠിപ്പ് പഠിപ്പിക്കുന്നയാളെ കണ്ടുമുട്ടി, അറിഞ്ഞു കഴിഞ്ഞു. അറിയാം ബാബ അച്ഛനുമാണ് ടീച്ചറുമാണ്, വന്ന് നമ്മെ പഠിപ്പിക്കുകയാണ്. സുപ്രീം ടീച്ചറാണ്, രാജയോഗം പഠിപ്പിക്കുകയാണ്. സത്യമായ സദ്ഗുരുവുമാണ്. ഇതാണ് പരിധിയില്ലാത്ത രാജയോഗം. അവർ വക്കീൽ പഠിപ്പും ഡോക്ടറിനുള്ള പഠിപ്പുമാണ് പഠിപ്പിക്കുക കാരണം ഇത് ദുഃഖത്തിന്റെതന്നെ ലോകമാണ്. അതെല്ലാം പരിധിയുള്ള പഠിപ്പുകളാണ്, ഇതാണ് പരിധിയില്ലാത്ത പഠിപ്പ്. ബാബ നിങ്ങളെ പരിധിയില്ലാത്ത പഠിപ്പാണ് പഠിപ്പിക്കുന്നത്. ഇതും അറിയാം ഈ അച്ഛൻ, ടീച്ചർ, സദ്ഗുരു കല്പ കല്പം വരുന്നു എന്നിട്ട് സത്യ ത്രേതായുഗങ്ങളിലേയ്ക്കായി ഇതേ പഠിപ്പ് പഠിപ്പിക്കുന്നു. പിന്നീട് പ്രായലോപം സംഭവിക്കുന്നു. ഡ്രാമാനുസരണം സുഖത്തിന്റെ പ്രാപ്തി അവസാനിക്കുന്നു. പരിധിയില്ലാത്ത അച്ഛൻ ഇരുന്ന് ഇത് മനസ്സിലാക്കിത്തരുകയാണ്, ബാബയെത്തന്നെയാണ് പതിതപാവനൻ എന്നു വിളിക്കുന്നത്. കൃഷ്ണനെ ത്വമേവ മാതാശ്ച്യ പിതാ ത്വമേവ എന്നോ പതീതപാവനൻ എന്നോ വിളിക്കുമോ? ബാബയുടെ പദവിയും കൃഷ്ണന്റെ പദവിയും തമ്മിൽ രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ഇപ്പോൾ ബാബ പറയുന്നു എന്നെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾക്ക് സെക്കന്റിൽ ജീവന്മുക്തിയുടെ പദവി ലഭിക്കും. അഥവാ ഇപ്പോൾ കൃഷ്ണ ഭഗവാൻ ഉണ്ടായിരുന്നെങ്കിൽ പെട്ടെന്ന് തിരിച്ചറിയുമായിരുന്നു. കൃഷ്ണന്റെ ജന്മത്തെ ദിവ്യവും അലൗകികവുമാണ് എന്ന് പറയാറില്ല. കേവലം പവിത്രതയിലൂടെ സംഭവിക്കുന്നു. ബാബ ആരുടേയും ഗർഭത്തിലൂടെ ജനിക്കുന്നില്ല. മനസ്സിലാക്കിത്തരുന്നു മധുര മധുരമായ ആത്മീയ കുട്ടികളേ, ആത്മാവുതന്നെയാണ് പഠിക്കുന്നത്. എല്ലാ സംസ്ക്കാരങ്ങളും നല്ലതായാലും മോശമായതായാലും ആത്മാവിൽ തന്നെയാണുള്ളത്. എങ്ങനെ എങ്ങനെയുള്ള കർമ്മങ്ങളാണോ ചെയ്യുന്നത് അതിന് അനുസരിച്ചുള്ള ശരീരം ലഭിക്കുന്നു. ചിലർ വളരെ അധികം ദുഃഖം അനുഭവിക്കുന്നു. ചിലർ കാത് കേൾക്കാത്തവരും, ചിലർ ഊമയായും ജനിക്കുന്നു. പറയാറുണ്ട് മുമ്പ് ഇങ്ങനെയുള്ള കർമ്മങ്ങൾ ചെയ്തിട്ടുണ്ട് അതിന്റെ ഫലമാണിത്. ആത്മാവിന്റെ കർമ്മത്തിന്റെ ആധാരത്തിലാണ് രോഗിയായ ശരീരം മുതലായവ ലഭിക്കുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം– നമ്മെ പഠിപ്പിക്കുന്നത് ഈശ്വരീയ പിതാവാണ്. ഗോഡ് ടീച്ചർ, ഗോഡ് സദ്ഗുരു. ബാബയെ ഭഗവാൻ പരമാത്മാവ് എന്നാണ് വിളിക്കുന്നത്. അത് ഒരുമിച്ച് ചേർത്ത് പരമാത്മാവ്, സുപ്രീം സോൾ എന്ന് വിളിക്കുന്നു. ബ്രഹ്മാവിനെ സുപ്രീം എന്ന് വിളിക്കില്ല. സുപ്രീം എന്ന വാക്ക് ഉയർന്നതിലും ഉയർന്നത് പരമ പവിത്രം. ഓരോരുത്തരുടേയും വേറെ വേറെയാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരുടേയും വേറെയാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ ദേവതകളാണ്, ശിവബാബ പരമാത്മാവാണ്. രണ്ടുപേരെയും ഒരുമിപ്പിച്ച് ശിവശങ്കരൻ എന്ന് എങ്ങനെ പറയും. രണ്ടുപേരും വേറെ വേറെയല്ലേ. മനസ്സിലാക്കാത്തതു കാരണം ശിവനേയും ശങ്കരനേയും ഒരുമിപ്പിച്ചു. പേരും ഇങ്ങനെ വെയ്ക്കാറുണ്ട്. ഈ കാര്യങ്ങളെല്ലാം ബാബയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾക്ക് അറിയാം ബാബ അച്ഛനുമാണ് ടീച്ചറുമാണ് സദ്ഗുരുവുമാണ്. ഓരോ മനുഷ്യനും അച്ഛനുമുണ്ടാകും ടീച്ചറുമുണ്ടാകും ഗുരുവും ഉണ്ടാകും. എപ്പോൾ പ്രായമാകുന്നുവോ അപ്പോൾ ഗുരുവിനെ നേടുന്നു. ഇന്നുകാലത്ത് ചെറുപ്പത്തിൽ തന്നെ ഗുരുവിന്റെ അടുത്തെത്തുന്നു, അഥവാ ഗുരുവിനെ സ്വീകരിച്ചില്ലെങ്കിൽ അവജ്ഞയുണ്ടാകും എന്നു

കരുതുന്നു. മുമ്പ് 60 വയസ്സിന് ശേഷമാണ് ഗുരുവിന്റെ അടുത്തേയ്ക്ക് പോകുന്നത്. അതാണ് വാനപ്രസ്ഥ അവസ്ഥ. നിർവ്വാണം അർത്ഥം വാണിയ്ക്ക് ഉപരി സ്വീറ്റ് സൈലൻസ് ഹോം, ഇവിടേയ്ക്ക് പോകുന്നതിനായാണ് അരകല്പം നിങ്ങൾ പരിശ്രമിച്ചത്. പക്ഷേ അറിയുകയേയില്ലായിരുന്നു അതിനാൽ പോകാൻ കഴിഞ്ഞില്ല. ആർക്കെങ്കിലും വഴി പറഞ്ഞുകൊടുക്കാൻ എങ്ങനെ കഴിയും. ഒരാൾക്കല്ലാതെ മറ്റാർക്കും വഴി പറഞ്ഞുതരാൻ സാധിക്കില്ല. എല്ലാവരുടേയും ബുദ്ധി ഒരുപോലെയായിരിക്കില്ല. ചിലർക്ക് ഇത് കഥ കേൾക്കുന്നതുപോലെയാണ്, ഒരു പ്രയോജനവുമില്ല. ഉന്നതി ഒന്നുമില്ല. നിങ്ങൾ ഇപ്പോൾ പൂന്തോട്ടത്തിലെ പൂക്കളാവുകയാണ്. പൂക്കളിൽ നിന്നും മുള്ളുകളായി മാറി ബാബ ഇപ്പോൾ വീണ്ടും മുള്ളുകളിൽ നിന്നും പുഷ്പങ്ങളാക്കി മാറ്റുകയാണ്. നിങ്ങൾ പൂജ്യർ തന്നെയാണ് പിന്നീട് പൂജാരിയായി മാറുന്നത്. 84 ജന്മങ്ങൾ എടുത്ത് എടുത്ത് സതോപ്രധാനത്തിൽ നിന്നും തമോപ്രധാനവും പതിതവുമായി മാറി. ബാബ മുഴുവൻ ഏണിപ്പടിയും മനസ്സിലാക്കിത്തന്നു. ഇപ്പോൾ എങ്ങനെയാണ് വീണ്ടും പതിതത്തിൽ നിന്നും പാവനമായി മാറുന്നത്, ഇത് ആർക്കും അറിയില്ല. പതിതപാവനാ വരൂ, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്നു പറഞ്ഞ് പാടുന്നുണ്ട് എന്നിട്ട് പിന്നെ നദിയേയും സാഗരത്തേയും പതിതപാവനിയാണ് എന്ന് കരുതി അതിൽ സ്നാനം ചെയ്യാൻ പോകുന്നത് എന്തിനാണ്? ഗംഗയെ പതിതപാവനി എന്ന് കരുതുന്നു. പക്ഷേ നദികളും എവിടെ നിന്നാണ് ഉണ്ടാകുന്നത്? സാഗരത്തിൽ നിന്നല്ലേ ഉണ്ടാകുന്നത്. ഇതെല്ലാം സാഗരത്തിന്റെ സന്താനങ്ങളാണ് അതിനാൽ ഓരോ കാര്യവും വളരെ നല്ലരീതിയിൽ മനസ്സിലാക്കണം.

ഇവിടെ നിങ്ങൾ കുട്ടികൾ സത്സംഗത്തിൽ ഇരിക്കുകയാണ്. പുറത്ത് കുസംഗത്തിൽ ചെന്നാൽ അവിടെ തലതിരിഞ്ഞ കാര്യങ്ങൾ നിങ്ങളെ കേൾപ്പിക്കും. പിന്നീട് ഇത്രയും കാര്യങ്ങൾ മറന്നുപോകും. കുസംഗത്തിലേയ്ക്ക് പോകുന്നതിലൂടെ കോട്ടുവാ ഇടാൻ തുടങ്ങും, സംശയമുണ്ട് എന്നത് അപ്പോൾ അറിയാൻ കഴിയും. പക്ഷേ ഈ കാര്യങ്ങളൊന്നും മറക്കാൻ പാടില്ല. ബാബ നമ്മുടെ പരിധിയില്ലാത്ത അച്ഛനുമാണ്, ടീച്ചറുമാണ് നമ്മെ അക്കരെയെത്തിക്കുന്നയാളുമാണ്, ഈ നിശ്ചയത്തോടെയാണ് നിങ്ങൾ വന്നിരിക്കുന്നത്. അതെല്ലാം പരിധിയുള്ള ലൗകിക പഠിപ്പുകളാണ്, ലൗകിക ഭാഷകളാണ്. ഇത് അലൗകികമാണ്. ബാബ പറയുന്നു എന്റെ ജന്മവും അലൗകികമാണ്. ഞാൻ ലോൺ എടുക്കുകയാണ്. പഴയ ചെരുപ്പ് എടുക്കുകയാണ്. അതും പഴയതിലും പഴയത്, ഏറ്റവും പഴയത് ഈ ചെരുപ്പാണ്. ബാബ എടുത്തിരിക്കുന്നതിനെ ലോംഗ് ബൂട്ട് എന്നും പറയും. ഇത് എത്ര സഹജമായ കാര്യമാണ്. ഇത് ആരും മറക്കരുത്. പക്ഷേ മായ ഇത്ര സഹജമായ കാര്യം പോലും മറപ്പിക്കും. ബാബ അച്ഛനുമാണ്, പരിധിയില്ലാത്ത പഠിപ്പ് നൽകുന്ന ടീച്ചറുമാണ്, ഇത് മറ്റാർക്കും നൽകാൻ സാധിക്കില്ല. ബാബ പറയുന്നു വേറെ എവിടെയെങ്കിലും ലഭിക്കുമോ എന്ന് ധൈര്യമായി പോയിനോക്കിക്കോളൂ. എല്ലാവരും മനുഷ്യരാണ്. അവർക്ക് ഈ ജ്ഞാനം നൽകാൻ സാധിക്കില്ല. ഭഗവാൻ ഒരു രഥമേ എടുക്കുന്നുള്ളു, അതിനെ ഭാഗ്യശാലീ രഥം എന്നു പറയുന്നു, കോടാനുകോടി ഭാഗ്യശാലിയാക്കി മാറ്റാൻ ഇതിലാണ് ബാബ പ്രവേശിക്കുന്നത്. തികച്ചും സമീപത്തുള്ള മുത്താണ്. ബ്രഹ്മാവിൽ നിന്നും വിഷ്ണുവായി മാറുന്നു. ശിവബാബ ഇദ്ദേഹത്തെയും ആക്കിമാറ്റുന്നു, നിങ്ങളേയും ഇവരിലൂടെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. വിഷ്ണുപുരിയാണ് സ്ഥാപിക്കുന്നത്. ഇതിനെ രാജയോഗം എന്നാണ് വിളിക്കുന്നത്, ഇത് രാജധാനി സ്ഥാപിക്കുന്നതിനുള്ളതാണ്. ഇപ്പോൾ എല്ലാവരും ഇത് കേൾക്കുന്നുണ്ട് പക്ഷേ ബാബയ്ക്ക് അറിയാം ഇത് ഒരുപാട് പേരുടെ കാതുകളിലൂടെ ഒഴുകിപ്പോകുന്നുണ്ട്, ചിലർക്കേ ധാരണ ചെയ്ത് വീണ്ടും കേൾപ്പിക്കാൻ സാധിക്കൂ. അവരെയാണ് മഹാരഥി എന്നു വിളിക്കുന്നത്. കേട്ട് ധാരണ ചെയ്യുന്നു പിന്നീട് താല്പര്യത്തോടെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. മഹാരഥി മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ പെട്ടെന്ന് മനസ്സിലാക്കും, കുതിര സവാരിക്കാരാണെങ്കിൽ കുറച്ചേ മനസ്സിലാക്കു, കാലാൾ പടയാളികളാണെങ്കിൽ അതിലും കുറവായിരിക്കും. ആരാണ് മഹാരഥി, ആരാണ് കുതിര സവാരിക്കാർ എന്നതെല്ലാം ബാബയ്ക്ക് അറിയാം. ഇപ്പോൾ ഇതിൽ സംശയിക്കേണ്ട ഒരു കാര്യവുമില്ല. പക്ഷേ ബാബ കാണുന്നുണ്ട് കുട്ടികൾ സംശയിക്കുന്നു പിന്നെ കോട്ടുവാ ഇടുന്നു. കണ്ണുകൾ അടച്ച് ഇരിക്കുന്നു. സമ്പാദിക്കുമ്പോൾ കോട്ടുവാ വരുമോ? കോട്ടുവാ ഇട്ടുകൊണ്ടിരുന്നാൽ എങ്ങനെ ധാരണയുണ്ടാകും. കോട്ടുവായിൽ നിന്നും ബാബ മനസ്സിലാക്കും ഈ കുട്ടി ക്ഷീണിച്ചുവെന്ന്. സമ്പാദ്യത്തിൽ ഒരിയ്ക്കലും ക്ഷീണം തോന്നില്ല. കോട്ടുവാ അലസതയുടെ ലക്ഷണമാണ്. ഏതെങ്കിലും കാര്യത്തിൽ ഉള്ളിന്റെ ഉള്ളിൽ കുഴപ്പമുള്ളവർക്ക് കോട്ടുവാ പെട്ടെന്ന് വരും. ഇപ്പോൾ നിങ്ങൾ ബാബയുടെ വീട്ടിൽ ഇരിക്കുകയാണ്, അതിനാൽ പരിവാരവുമുണ്ട്, ടീച്ചറുമുണ്ട്, വഴി പറഞ്ഞുതരുന്നതിനായി ഗുരുവായും മാറുന്നു. മാസ്റ്റർ ഗുരു എന്ന് പറയാറുണ്ട്. അതിനാൽ ഇപ്പോൾ ബാബയുടെ വലതുകൈ ആവണ്ടേ. എങ്കിലേ അനേകം പേരുടെ മംഗളം ചെയ്യാൻ സാധിക്കു. ജോലികളിലെല്ലാം തന്നെ നഷ്ടമാണ് , ജോലികൾ കൂടാതെ നരനിൽ നിന്നും നാരായണനാകണം. എല്ലാവരുടേയും സമ്പാദ്യം അവസാനിക്കും. നരനിൽ നിന്നും നാരായണനാകുന്നതിനുള്ള ജോലി ബാബയാണ് പഠിപ്പിക്കുന്നത്. എങ്കിൽ പിന്നെ എന്ത് പഠിപ്പാണ് പഠിക്കേണ്ടത്. ആരുടെ കൈയ്യിലാണോ വളരെ അധികം ധനമുള്ളത് അവർ ഇതു

തന്നെയാണ് സ്വർഗ്ഗം എന്നു കരുതുന്നു. ഗാന്ധിജി രാമരാജ്യം സ്ഥാപിച്ചിരുന്നോ? ഇല്ല, ലോകം പഴയതും തമോപ്രധാനവും തന്നെയാണ് ദുഃഖം വീണ്ടും വർദ്ധിക്കുകയാണ് ചെയ്തത്, ഇതിനെ രാമരാജ്യം എന്ന് എങ്ങനെയാണ് പറയുക. മനുഷ്യർ എത്രത്തോളം വിവേകശൂന്യരായിരിക്കുന്നു. വിവേകശൂന്യരെയാണ് തമോപ്രധാനം എന്ന് പറയുന്നത്. വിവേകശാലികൾ സതോപ്രധാനമാണ്. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും, ഇതിൽ ബാബയോട് ചോദിക്കാൻ ഒന്നുമില്ല. രചയിതാവിന്റേയും രചനയുടേയും ജ്ഞാനം നൽകുക എന്നത് ബാബയുടെ കടമയാണ്. ബാബ നൽകിക്കൊണ്ടിരിക്കുന്നു. മുരളിയിൽ എല്ലാം മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. എല്ലാ കാര്യങ്ങൾക്കുമുള്ള മറുപടി ലഭിക്കുന്നു. ബാക്കി എന്താണ് ചോദിക്കാനുള്ളത്? ബാബയ്ക്കല്ലാതെ മറ്റാർക്കും ഇത് മനസ്സിലാക്കിത്തരാൻ സാധിക്കില്ല അതിനാൽ ചോദിക്കാൻ എങ്ങനെ സാധിക്കും. 21 ജന്മങ്ങളിലേയ്ക്ക് എവർ ഹെൽത്തിയും എവർ വെൽത്തിയുമായി മാറണമെങ്കിൽ വന്ന് മനസ്സിലാക്കൂ എന്നും നിങ്ങൾക്ക് ബോർഡിൽ എഴുതാൻ കഴിയും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും, ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) ബാബ എന്താണോ കേൾപ്പിക്കുന്നത് അത് കേട്ട് നല്ലരീതിയിൽ ധാരണ ചെയ്യണം. മറ്റുള്ളവരെ താല്പര്യത്തോടെ കേൾപ്പിക്കണം. ഒരു കാതിലൂടെ കേട്ട് മറുകാതിലൂടെ പുറത്ത് വിടരുത്. സമ്പാദിക്കുന്ന സമയത്ത് ഒരിയ്ക്കലും കോട്ടുവാ വരരുത്.

2) ബാബയുടെ വലംകൈയ്യായി മാറി വളരെ അധികം പേരുടെ മംഗളം ചെയ്യണം. നരനിൽ നിന്നും നാരായണനായി മാറുന്നതിനും മാറ്റുന്നതിനുമുള്ള ജോലി ചെയ്യണം.

## വരദാനം – ആരുടെയെങ്കിലും വ്യർത്ഥമായ വാർത്തകൾ കേൾക്കുന്നതിന്റെ താൽപര്യം വർദ്ധിപ്പിക്കുന്നതിനു പകരം ഫുൾസ്റ്റോപ്പിടുന്ന പരമതത്തിൽ നിന്നും മുക്തമായി ഭവിയ്ക്കട്ടെ.

പല കുട്ടികളും മുന്നോട്ട് പോകവേ ശ്രീമതത്തിനോടൊപ്പം ആത്മാക്കളുടെ പരമത്തും കലർത്തുന്നു. എപ്പോഴാണോ ബ്രാഹ്മണരുടെ ലോകത്തെ ഏതെങ്കിലും വാർത്തകൾ കേൾക്കുന്നത്, അപ്പോൾ വളരെ താൽപര്യത്തോടെയാണ് കേൾക്കുന്നത്. ഒന്നും ചെയ്യാൻ സാധിക്കില്ല, എന്നാലും കേട്ടിരിക്കുന്നു. എന്നാൽ ആ വാർത്തകൾ ബുദ്ധിയിൽ എത്തുകയും, പിന്നീട് സമയം വ്യർത്ഥമാവുകയും ചെയ്യുന്നു. അതിനാൽ ബാബയുടെ ആജ്ഞയാണ്, കേട്ടിട്ടും കേൾക്കാതിരിക്കണം. അഥവാ ആരെങ്കിലും കേൾപ്പിക്കുകയാണെങ്കിൽ പോലും താങ്കൾ ഫുൾസ്റ്റോപ്പിടൂ. ഏതൊരു വ്യക്തയെ കുറിച്ചാണോ കേൾപ്പിച്ചത്, അവരെ പ്രതിയുള്ള ദൃഷ്ടി, വൃത്തി, അഥവാ സങ്കല്പത്തിൽ പോലും വെറുപ്പിന്റെ ഭാവമുണ്ടായിരിക്കരുത്. അപ്പോൾ പറയാം പരമതത്തിൽ നിന്നും മുക്തം.

## സ്ലോഗൻ – ആരുടെ ഹൃദയമാണോ വിശാലം അവരുടെ സ്വപ്നത്തിൽ പോലും പരിധിയുള്ള സംസ്കാരം എമർജ്ജ് ആകുകയില്ല.